### 15. ചിറ്റാർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

റാന്നി കോഴഞ്ചേരി, തിരുവല്ല, കോട്ടയം എന്നീ സ്ഥലങ്ങളിൽ നിന്നും കൃഷി ചെയ്യുന്നതിനുവേണ്ടി ധാരാളം ആളുകൾ ചിറ്റാർ, സീതത്തോട് വയ്യാറ്റുപുഴ കുളങ്ങരവാലി, കൊച്ചുകോയ്ക്കൽ, ആങ്ങമൂഴി എന്നീ കാട്ട് പ്രദേശങ്ങളിലേക്കും കുടിയേറി പാർത്തു. 1914 – 1939 എന്നീ കാലഘട്ടത്തിൽ ലോകത്തിൽ രണ്ട് മഹായുദ്ധങ്ങൾ പൊട്ടിപുറപ്പെട്ടു. ഇതിന്റെ ഫലമായി നാടും രാജ്യവും കടുത്ത ക്ഷാമം നേരിട്ടു. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി.രാമസ്വാമി കിഴക്കൻ മലയോരങ്ങളിൽ കാട് വെട്ടി തെളിച്ച് കൃഷി ചെയ്യുന്നതിനായി കഴിവുള്ള ആളുകൾ അനുവാദം കൊടുത്തു. കുത്തകപാട്ട വ്യവസ്ഥിയിയിലായിരുന്നു. പ്രസ്തുത അനുവാദം നാടൻ തോക്ക് ഉപയോഗിച്ച് വന്യമൃഗങ്ങളെ വേട്ടയാടുന്നതിനായി തടസം ഇല്ലായിരുന്നു. നാട്ടിൻ പുറങ്ങളിൽ നിന്നും ധാരാളം ആളുകൾ കിഴക്കൻ മലയോരങ്ങളിലേക്ക് കുടിയേറി. ചിറ്റാറിൽ ഒരുവലിയ റബർ തോട്ടം ഉണ്ടായിരുന്നു. അതിൽ പണി എടുക്കുന്നതിനും ധാരാളം ആളുകൾ ഉണ്ടായിരുന്നു.

നമ്മുടെ പൂർവ്വീക പിതാക്കന്മാർ നല്ല ദൈവ വിശ്വാസികളും പ്രാർത്ഥനാ ചൈതന്യമുള്ളവരും ആയിരുന്നു. ഈ കൂട്ടത്തിൽ യാക്കോബായ. ഓർത്തഡോക്സ്, മാർത്തോമ്മ സഭാ വിശ്വാസികളും ഉണ്ടായിരുന്നു. ഈ ക്രൈസ്തവർക്ക് ഒരു പ്രാർത്ഥനാലയം ഉണ്ടായിരുന്നില്ല. പെരുന്നാട്ടിൽ ബഥനി ആശ്രമവും, വടശ്ശേരിക്കരയിൽ ഒരു ദൈവാലയങ്ങളിലും പോയി വിശേഷ ദിവസങ്ങളിൽ പങ്കുകൊള്ളുമായിരുന്നു.

ചിറ്റാർ നിവാസികളുടെ ഈ ദാഹത്തിന് ശമനം വരുത്തുവായി കാരിക്കയത്ത് മാർത്തോമ്മ പള്ളിയും ചിറ്റാറിന് സമീപം പ്രദേശമായ കൂത്താട്ടുകുളത്ത് യാക്കോബായ ദേവാലയവും ആരംഭിച്ചു. 1938 മുതൽ 1953 വരെ ഉദ്ദേശം 15 വർഷം യാക്കോബായ ദൈവാലയത്തിൽ ആരാധന ഉണ്ടായിരുന്നു. ഒരു വൈദികനും ഇടവകയിലെ ഒരു വീട്ടുകാരുമായി ഒരു പിണക്കം ഉണ്ടായി. അതിന്റെ ഫലമായി ദേവാലയത്തിൽ ബലി അർപ്പിക്കാൻ ബഥനിയിൽ നിന്നും വന്ന ഒരു വൈദീകൻ ദേവാലയം തുറന്നു കൊടുത്തില്ല. വൈദികൻ ദു:ഖഭാരത്തോടെ ബഥനിയിലേക്ക് തിരിച്ചുപോയി, അങ്ങനെ കൂത്താട്ടുകുളം ഇടവക അടഞ്ഞുകിടന്നു. ഇടവക വിശ്വാസികൾക്ക് ദിവ്യബലിയിലും മറ്റ് കൂദാശകളിലും പങ്കുപറ്റാൻ ബഥനിയിലേക്ക് പോകണമായിരുന്നു. ഈ സാഹചര്യത്തിൽ ദൈവ വിശ്വാസികൾ വളരെ വേദനിച്ചു. കുളത്തുങ്കൽ ഗീവർഗ്ഗീസിന്റെ കുടുംബം ഒരു തീരുമാനം എടുത്തു. മലങ്കര റീത്തുമായി ചേരണമെന്ന്. കുളത്തുങ്കൽ കെ.ജി.ജോർജ്ജ് വടശ്ശേരിക്കരയിൽ പോയി വാഴപ്പിള്ളേത്ത് യോഹന്നാൻ സ്കറിയാച്ചൻ, കളിയന്താനത്തിവർ കുറിച്ചായൻ എന്നിവരുമായി മാമ്പാറ പോയി ബഹുമാനപ്പെട്ട ജേക്കബ് മുണ്ടപ്പള്ളി അച്ചനെ കാര്യങ്ങൾ ബോധിപ്പിച്ചു. ബഹുമാനപ്പെട്ട അച്ചൻ ചിറ്റാറിൽ വന്ന് പള്ളിയിൽ ചേരാൻ ഉള്ള ആളുകളേയും അതിനുള്ള സ്ഥലവും കണ്ടു. പള്ളി വയ്ക്കാൻ കുളത്തുങ്കൽ ഗീവർഗ്ഗീസിന്റെ പുരയിടം കൊടുക്കാം എന്ന അച്ചനോട് സമ്മതിച്ചു. അച്ചൻ പറഞ്ഞു നിങ്ങൾ തറകെട്ടി മേൽക്കൂര പണിത് തറതല്ലി ഒതുക്കി ശരിയാക്കി ഇടാൻ അങ്ങനെ തയ്യാറാക്കി. ബഹുമാനപ്പെട്ട അച്ചൻ വടശ്ശേരിക്കരയിൽ നിന്നും ഓല കൊണ്ടുവനും എല്ലാവരും കൂടി ഓല മേഞ്ഞ് ശരിയാക്കി. 1953 മെയ് മാസം 8 – ാം തീയതി മലങ്കര റീത്തിന്റെ ഇടവക രൂപം കൊടുത്തു. ആദ്യ ദിവസം 8 കുടുംബങ്ങളും തുടർന്ന് പല വീട്ടുകാരും വന്നുചേർന്നു. ഗോതമ്പ്, പാൽപൊടി, നെല്ല് ഇവ പള്ളിയിലേക്ക് വരുന്ന ഓരോ വീട്ടുകാർക്കും സൗജന്യമായി കൊടുത്തു.

1956 വരെ ദേവാലയം പരിശുദ്ധ കന്യാമറിയാമിന്റെ നാമധേയത്തിലായിരുന്നു. ബഹുമാനപ്പെട്ട മുണ്ടപള്ളി അച്ചനും ശങ്കരത്തിൽ മുത്തച്ചൻ (ശാമുവേൽ ശങ്കരത്തിൽ) ശുശ്രൂഷ നടത്തി. ഈ സമയത്ത് കുളങ്ങരവാലിയിലും, സീതത്തോട് കൊച്ചുകോയിക്കലിലും, ഓരോ ഇടവക രൂപം കൊണ്ട് യാത്രാ സൌകര്യം ഇല്ലായിരുന്നകാലത്ത് കാൽനടയായിട്ടാണ് വൈദികർ ദൈവാലയത്തിൽ പോയ്ത്.

ചിറ്റാർ ഇടവകയിൽ ശുശ്രൂഷനായി കല്ലുവിളയിൽ ശാമുവേൽ എന്ന യുവാവായിരുന്നു. കുട്ടികളെ വേദപാഠം പഠിപ്പിക്കുന്നതിനായി വടശ്ശേരിക്കരയിൽ നിന്നും വാഴപ്പിള്ളേത്ത് അച്ചനും, യോഹന്നാൻ സാറും വരുമായിരുന്നു. ഈ ചെറിയ കൂട്ടായ്മ വളരെ വേഗം വളർന്നു. ആദ്യ ദേവാലയത്തിൽ വിശ്വാസികൾക്ക്

നിൽക്കുവാൻ ഇടമില്ലാതെ ആയി. 1956ന് ശേഷം ചിറ്റാറിൽ ഇപ്പോഴത്തെ ദൈവാലയം സ്ഥിതി ചെയ്യുന്നതിന്റെ സ്ഥലം വെള്ളിക്കുന്നിൽ ശ്രീ. നാണു എന്ന വ്യക്തിയുടെ കൈയിൽ നിന്ന് 1 ഏക്കർ 2 സെന്റ് സ്ഥലം വാഴപ്പിള്ളേത്ത് ബഹുമനപ്പെട്ട ജോസഫ് അച്ചന്റെ നേതൃത്വത്തിൽ സ്ഥലം വാങ്ങുകയും ആസ്ബറ്റോസ് ഷീറ്റ് മേക്കൂര രണ്ടാമത്തെ ദൈവാലയം നിർമ്മിക്കുകയും ചെയ്തു. അങ്ങനെ ചിറ്റാറിലേക്കും ഈ ദേവാലയം മാറ്റി സ്ഥാപിക്കപ്പെട്ടു. ദൈവലായത്തിൽ ആദ്യ വികാരി ആയി ബഹു. തെങ്ങുവിള ശാമുവേൽ അച്ചൻ വന്നു. വൈദികൻ താമസിക്കാൻ മദ്ബാഹയുടെ പുറകിൽ ഒരു മുറി ഉണ്ടായിരുന്നു. തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്ത നി.വാ.ദി.ശ്രീ. ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ദൈവാലയം കൂദാശ ചെയ്തു. ഈ കാലം ഇടവകയിലെ കുടുംബങ്ങൾ വർദ്ധിച്ചു, 60 വീടുകളായി പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, ലീജൻ ഓഫ് മേരി എന്നീ ഭക്തസംഘനകൾ രൂപീകരിച്ചു. മണക്കയം സ്വർഗ്ഗത്തിമല, മൺപിലാവ്, നീലിപിലാവ്, കൂത്താട്ടുകളും തേക്കേക്കര, പണിയാർകോളനി, കൊടുമുടി, കാരിക്കയം പടയണിപ്പാറ, മണിയാർ എന്നി ഇടങ്ങളിൽ നിന്നും ഈ ദൈവലായത്തിലേക്ക് വിശ്വാസികൾ വന്നുചേർന്നു. ദൈവാലയത്തിൽ വിശ്വാസികൾക്ക് നിന്ന് ആരാധനയിൽ പങ്ക് കൊള്ളാൻ സാധിക്കാതെ വന്നു. മണിയാറിലും കൊടുമുടിയിലും, പാമ്പിനിയിലും ഓരോ ഇടവക രൂപം കൊടുത്തു.

ആദ്യകാലങ്ങളിൽ മാമ്പാറയുടെ ഭരണത്തിലായിരുന്ന ദൈവാലയം, സീതത്തോട് ദേവാലയത്തിന്റെ ഭരണത്തിലായി 1989ൽ ബഹു. ചെറിയാൻ മായിക്കലച്ചൻ ചിറ്റാറിന്റെ വികാരി ആയി ചുമതലയേറ്റു. വീണ്ടും മാമ്പാറയുടെ ദൈവാലയത്തിന്റെ ചുമതലയായി.

ബഹു. മായിക്കലച്ചൻ ഇടവക പൊതുയോഗം വിളിച്ച് പുതിയ ദൈവാലയം നിർമ്മിക്കുന്നതിനെപ്പറ്റി ആലോചിച്ചു. ഓരോ കുടുംബത്തിന്റെയും ഒരു മാസത്തെവരുമാനം കൊടുത്താൽ പള്ളി പണിയാൻ സാധിക്കും എന്ന് അച്ചൻ അഭിപ്രായം പറഞ്ഞു. വരുമാനം ഇല്ലാത്തവർ ശ്രമധാനം ചെയ്യുകയോ. അതുകഴിവില്ലെങ്കിൽ ഒരു ജോലിക്കാനെ പകരം വിടണമെന്ന് സമ്മതിച്ചു. അങ്ങനെ എല്ലാവരുടെയും പരിശ്രമത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ഇപ്പോൾ ആരാധന നടത്തുന്ന ദൈവാലയം നിർമ്മിക്കപ്പെട്ടു.

1991നുശേഷം സീതത്തോട് ഇടവകയുടെ കീഴിലായി. 1996ൽ ബഹു. മടപ്പിള്ളേത്ത് അച്ചൻ ചിറ്റാറിന്റെ വികാരിയായി ചുമതലയെടുത്ത്. അച്ചൻ ആലോചന പ്രകാരം ഒരു വൈദീക മന്ദിരം നിർമ്മിക്കാൻ സാധിച്ചു. ചിറ്റാറിൽ വൈദികൻ സ്ഥിരം താമസിക്കുകയും എല്ലാദിവസവും ദിവ്യബലി അർപ്പണവും നടത്തുന്നു. അമലഗിരി ദൈവാലയവും ചിറ്റാർ ദൈവാലയവും മാത്രമായി വൈദികരെ നിയമിച്ചു. ഈ കാലഘട്ടത്തിൽ ചിറ്റാർ ജംഗ്ഷനിലുള്ള കുരിശ്ശടി നീലിപാവ് കുരിശടി തെക്കേക്കര കുരിശ്ശടി എന്നിവ നിർമ്മിച്ചു. കാലാകാലങ്ങളിൽ വന്ന വൈദീകർ ദൈവാലയത്തിന്റെ ഉൾവശത്തും, ദൈവാലയത്തിന്റെ മുറ്റത്തും പലമാറ്റങ്ങളും വരുത്തി.

ദൈവാലത്തിലേക്ക് പ്രവേശിക്കാനുള്ള നടപ്പാത കോൺക്രീറ്റ് ചെയ്തു. ദൈവാലയത്തിന്റെ സമീപമായി ഒരു കന്യാസ്ത്രീ മഠം നിർമ്മാണത്തിൽ ഇരിക്കുന്നു. ചിറ്റാർ-പത്തനംതിട്ട റോഡിന്റെ ഇടതുവശത്ത് മരിയൻ കോംപ്ലക്സ് നിർമ്മിക്കാൻ സാധിച്ചു. ഈ ഇടവകയിൽ 5 വൈദീകർ ദൈവകൃപയാൽ ഉണ്ട്. കൂടാതെ 2 ശെമ്മാശന്മാറും, 2 കന്യാസ്ത്രീകൾ സഭയുടെ വിവിധ ഇടങ്ങളിൽ ശുശ്രൂഷചെയ്തുവരുന്നു.

1953 മുതൽ 2021 ജനുവരി മാസം വരെ 43 വൈദികർ സേവനം അനുഷ്ഠിച്ചു. ഇപ്പോഴത്തെ വികാരി ഫിലിപ്പോസ് ചരിവുപുരയിടത്തിൽ അച്ചനാണ്. ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള 14 വൈദീകർ നിര്യാതരായി. 2 വൈദീകരും, 1 കന്യാസ്ത്രീയും സഭ ഉപേക്ഷിച്ചു.

ഇടവകയിലെ രണ്ട് വൈദീകർ യു.എസ്.എയിൽ ശുശ്രൂഷ ചെയ്തുന്നുണ്ട്. ഇപ്പോൾ ഈ ഇടവകയിൽ റിക്കാർഡ് പ്രകാരം 105 വീട്ടുകാർ സ്ഥലത്തുള്ളവർ 94 കൂടുംബം.

സണ്ടസ്കൂൾ പ്രന്ത്രണ്ടാം ക്ലാസ് വരെയും എം.സി.വൈ.എം.., എം.സി.എ, പ്രാർത്ഥനയോഗങ്ങൾ,

സ്ത്രീകളുടെ കൂട്ടായ്മ, വിൻസെന്റ് ഡി പോൾ, സുവിശേഷ സംഘം എന്നി സംഘടനങ്ങൾ ദൈവാലയത്തിൽ.

ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ഈ ദേവാലയത്തിന്റെ ആദ്ധ്യാത്മിക പുരോഗതിയ്ക്ക് നല്ല പങ്കുവഹിച്ചിട്ടുണ്ട് ഈ അവസരത്തിൽ ഏറ്റവും നന്ദി പൂർവ്വം അനുസ്മരിക്കുന്നു. കുട്ടികളെയും മുതിർന്നവരേയും ആത്മീയതയിലേക്ക് കൈപിടിച്ച് ഉയർത്തിതിന് സിസ്റ്റേഴസ് ധാരാളം പ്രവർത്തിച്ചിട്ടുണ്ട്. കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിലുള്ള ഒരുക്കം, വിവാഹം, മരണം വൈദീകരുടെ പുത്തൻകുർബാന ഭവന സന്ദർശനം എന്നിവയും ഇടവകയുടെ തിരുനാളിന് ആവശ്യമായ ക്രമീകരണങ്ങൾ എന്നിവയില്ലെല്ലാം സിസ്റ്റേഴ്സിന്റെ സേവനം ആത്മാർത്ഥമായി ഉണ്ടായിരുന്നു.

ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദീകർ

1. ഫാ. ജേക്കബ്, മുണ്ടപ്പള്ളി (1953) നിര്യാതനായി
2. ഫാ. ശാമുവേൽ, ശങ്കരത്തിൽ (1953) നിര്യാതനായി
3. ഫാ. ജോസഫ്, വാടേപ്പിള്ളേത്ത് (1956) നിര്യാതനായി
4. ഫാ. ശാമുവേൽ തെങ്ങുവിളയിൽ (1959-61) - രണ്ടാമത്തെ പള്ളിയിലെ ആദ്യവികാരി നിര്യാതനായി
5. ഫാ. ശാമുവേൽ, തൈക്കൂട്ടത്തിൽ റമ്പാച്ചൻ നിര്യാതനായി
6. ഫാ. വർഗ്ഗീസ്, മാവേലിൽ നിര്യാതനായി
7. ഫാ. ജോർജ്ജ് ജോൺ (ജോബി അച്ചൻ) നിര്യാതനായി (ചിറ്റാർ കുരിശ്ശൂടിസ്ഥാപിച്ചത്)
8. ഫാ. ഗീവർഗ്ഗീസ് പൊതുമലയിൽ നിര്യാതനായി
9. ഫാ. ജോർജ്ജ് പുറത്തൂട്ട് നിര്യാതനായി
10. ഫാ. ഗീവർഗ്ഗീസ് മണിക്കാരോട്ട് റമ്പാൻ നിര്യാതനായി
11. ഫാ. കെ.വർഗ്ഗീസ് നിര്യാതനായി
12. ഫാ. തോമസ്, പടയാനിക്കൽ നിര്യാതനായി
13. ഫാ. മാത്യൂ, മാടപ്പള്ളി നിര്യാതനായി
14. ഫാ. ജേക്കബ് ജോൺ നിര്യാതനായി
15. ഫാ. മാത്യൂ, ആലുംമൂട്ടിൽ നിര്യാതനായി
16. ഫാ. ഗീവർഗ്ഗീസ്, ചേടിയത്ത് മൽപ്പാൻ
17. ഫാ. യോഹന്നാൻ മുളമൂട്ടിൽ - (നീലിപിലാവ് കുരിശ്ശൂടി)
18. ഫാ. ജോസ് ചാമക്കാലായിൽ കോർ-എപ്പിസ്ക്കോപ്പാ
19. ഫാ. ജോൺ സി. പുത്തൻവീട് റമ്പാച്ചൻ
20. ഫാ. ഇമ്മാനുവേൽ ബംഗ്ലാവിൽ
21. ഫാ. ക്രിസ്റ്റി തേവള്ളിൽ
22. ഫാ. ചെറിയാൻ മായിക്കലച്ചൻ (പുതിയ പള്ളി, സ്ഥാപകൻ - 1989 - 91)

23. ഫാ. മൈക്കിൾ മുക്കമ്പാലത്ത്

24. ഫാ. റോയി തടത്തിൽ

25. ഫാ. ജോൺ തുണ്ടിയത്ത് (മോനി അച്ചൻ)

26. ഫാ. ജോസഫ് നെടുമനാൽ

27. ഫാ. ഗീവർഗീസ് വൈദ്യൻ

28. ഫാ. കോശി, അയ്യനേത്ത്

29. ഫാ. വർഗ്ഗീസ്, നെടുപുറത്ത്

30. ഫാ. ജോൺ, വൈപ്പിൻ

31. ഫാ. ശാമുവേൽ, ഇടമണ്ണിൽ

32. ഫാ. സെബാസ്റ്റ്യൻ, ആമ്പശ്ശേരി

33. ഫാ. സഖറിയാസ്, പുഷ്പവിലാസം

34. ഫാ. മാത്യൂസ്, മാടപ്പിള്ളിൽ

35. ഫാ. തോമസ് ആലുനിൽക്കുന്നതിൽ (ജിമ്മി അച്ചൻ)

36. ഫാ. ജേക്കബ്

37. ഫാ. തോമസ് മലയിൽ

38. ഫാ. ശാമുവേൽ പുന്നൂർ

39. ഫാ. ജോൺ കുഴിപ്പാറ (സാം അച്ചൻ)

40. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ (സിബി അച്ചൻ)

41. ഫാ. മാർട്ടിൻ ജോസഫ്, പുത്തൻവീട്

42. ഫാ. സ്കറിയാ, പതാലിൽ (ജോബ് അച്ചൻ)

43. ഫാ. ഫിലിപ്പോസ്, ചരിവുപുരയിടത്തിൽ (ഇപ്പോഴത്തെ വികാരി)

**ഇടവകയിലെ വൈദീകർ**

1. ഫാ. ഏബ്രഹാം, കുളത്തുങ്കൽ യു.എസ്.എ.

2. ഫാ. ഷോബി, പനച്ചിക്കുഴിയിൽ ഒ.ഐ.സി.

3. ഫാ. തോമസ്, പുളിനിൽക്കുന്നതിൽ ഒ.ഐ.സി.

4. ഫാ. ഡാനിയേൽ, കൊഴുവക്കാട്ട് യു.എസ്.എ.

5. ഫാ. മാത്യൂസ് വർഗ്ഗീസ്, പുത്തൻവീട് (മനു) ഒ.ഐ.സി.

**സിസ്റ്റേഴ്സ്**

1. സി. സാറാ എസ്.ഐ.സി.

2. സി. അർച്ചനാ മേരി

**വൈദിക വിദ്യാർത്ഥികൾ**

1. ബ്ര. ജോൺസൺ, ചരുവിൽ
2. ബ്ര. പ്രിൻസ്